പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1544 21.01.2014-ൽ മറുപടിയ്ക്ക്

## പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും സംവിധാനം

ചോദ്യം

ശ്രീ. പി. തിലോത്തമൻ

മറുപടി

ശ്രീ. കെ.സി.ജോസഫ്

( ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാധ്യമങ്ങളിൽ വരുന്ന പരസ്യങ്ങളും പരിപാടികളും ജനങ്ങളിൽ, പ്രത്യേകിച്ച് കുട്ടികളിൽ തെറ്റായ ആശയങ്ങളും അശാസ്ത്രീയ ചിന്തകളും ഉണ്ടാക്കുന്നവയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇതു പരിശോധിക്കുവാൻ സാംസ്കാരിക വകുപ്പിൻ കീഴിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ വരുന്നതിനാൽ മാധ്യമങ്ങളിൽ വരുന്ന പരസ്യങ്ങളും പരിപാടികളും പരിശോധിക്കുന്നതിന് സാംസ്കാരിക വകുപ്പിൻ കീഴിൽ സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല. |
| (ബി) | പല ഉപകരണങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ഭക്ഷ്യസാധനങ്ങളും വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയായിരുന്നിട്ടും ഇവയുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനോ പരിശോധിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കാമോ? | (ബി) | തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളാൽ വഞ്ചിതനായ ഒരു ഉപഭോക്താവിന് സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലോ ഉപഭോക്തൃ ഫോറങ്ങളിലോ പരാതി നൽകാവുന്നതാണ്. ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനും അവരുടെ അവകാശങ്ങളെക്കുറിച്ച് അറിവുള്ളവരാക്കുന്നതിനും വേണ്ടി ഉപഭോക്തൃ കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ശക്തവും ഫലപ്രദവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ